പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1989 14.08.2017 -ൽ മറുപടിക്ക്.

## സംസ്ഥാനത്തിന്റെ അരിവിഹിതം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അനൂപ് ജേക്കബ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിന്റെ അരിവിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ്, അധിക വിഹിതം (അഡ്ഹോക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഒരു ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) ഓണത്തിന് കാർഡുടമകൾക്ക് അഞ്ച് കിലോ അരി സൗജന്യമായോ കുറഞ്ഞവിലയ്ക്കോ നൽകുന്നതിന് പദ്ധതിയുണ്ടോ ;<br>(സി) എങ്കിൽ ഇതിനായി എത്ര ക്വിന്റൽ അരി അനുവദിക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഇത് ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കാമോ ? | (ബി) & (സി) ഓണത്തിന് മുൻഗണനേതര വിഭാഗത്തിലെ കാർഡുടമകൾക്ക് അഞ്ച് കിലോഗ്രാം അരി വീതം നല്കുന്നതിനായി 22578 മെട്രിക് ടൺ (225780 ക്വിന്റൽ) അരി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**